# File No.LSGD-EPA1/285/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ.എ.കെ.രാജന് ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2088/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/10/2021

---

പരാമർശം:- 1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2. സ.ഉ(പി)നം.110/13/ ധന തീയതി 01.03.2013

3. ശ്രീ.എ.കെ.രാജന്റെ 31.03.2018ലെ ശൂന്യവേതനാവധിയപേക്ഷ.

4. പഞ്ചായത്ത് ഡയറക്ടറുടെ 16.10.2018, 03.05.2019 എന്നീ തീയതികളിലെ ഇ2-42677/14. 25.11.2019, 24.01.2020 എന്നീ തീയതികളിലെ ഇ2-12523/19 നംപർ കത്തുകൾ.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ.എ.കെ.രാജന്റെ 26.09.2003 മുതൽ 10.06.2007 വരെ, 12.02.2009 മുതൽ 11.01.2010 വരെയുമുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.എ.കെ.രാജൻ 01.09.1997 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാന്റെ അനധികൃത ഹാജരില്ലായ്മയ്ക്കെതിരെ ടിയാന്റെ 2 വാർഷിക വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് ടിയാനെതിരായുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. അനധികൃത ഹാജരില്ലായ്മക്കാലയളവിന് ശേഷം 11.06.2007 ന് എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ.എ.കെ.രാജന്റെ 12.02.2009 മുതൽ 11.01.2010 വരെയും 26/09/2003 മുതൽ

10/06/2007 വരെയുമുള്ള അനധികൃത ഹാജരില്ലായ്മ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്. ഇൻക്രിമെന്റ്, ഹയ്യർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീ.എ.കെ.രാജൻ, മുൻ അസിസ്റ്റന്റ് സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(05.10.2021 ലെ ഡെവ.1/309/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(285/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ